

# മാലേഗാവ് സ്ഫോടനത്തിലും വിദേശഫണ്ടിംഗ്

ലേഖനം

സദ്റുദ്ദീൻ വാഴക്കാട്

**ഇന്ത്യാ** രാജ്യത്ത് അടിക്കടി ആവർത്തിക്കപ്പെടുന്ന ക്രൂരമായ ന്യൂനപക്ഷവേട്ടകൾക്ക് വിദേശ ഫണ്ടിംഗിന്റെ കൂടി പിൻബലമുണ്ടെന്ന് വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. ഗുജറാത്ത്, മഹാരാഷ്ട്ര, ഒറീസ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങൾ സംഘടിപ്പിക്കാൻ അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നും ഒഴുകിയെത്തിയ കോടിക്കണക്കിന് രൂപ സംഘ്പരിവാറിനെ സഹായിച്ചിട്ടുണ്ട്. കുട്ടികളെയും യുവാക്കളെയും സ്ത്രീകളെയും ഹിന്ദുത്വ സിദ്ധാന്തങ്ങൾ പഠിപ്പിക്കാനും ഗ്രാമങ്ങൾതോറും ശാഖകൾ നടത്തി ആയുധപരിശീലനം നൽകാനും ഒടുവിൽ അവരെ ന്യൂനപക്ഷ വേട്ടക്കിറക്കാനുമുള്ള ആർ.എസ്.എസ്-വി.എച്ച്.പി പദ്ധതികൾ സാമ്പത്തികമായി പ്രമോട്ട് ചെയ്യുന്നത് നടേസൂചിപ്പിച്ച യു.എസിലെയും യൂറോപ്പിലെയും സംഘ്പരിവാർ ഏജൻസികളാണ്. മുംബൈയിലെ സബ്റംഗ് കമ്യൂണിക്കേഷൻസും (Sabrang Communications Pvt. Ltd., Mumbai) ഫ്രാൻസിലെ The South Asia Citizens webഉം ചേർന്ന് നടത്തിയ അന്വേഷണം ഇതുസംബന്ധിച്ച് ഒട്ടേറെ വിവരങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

സംഘ്പരിവാർ സംഘടനകളാണ് ന്യൂനപക്ഷവിരുദ്ധ കലാപങ്ങൾക്കു പിന്നിലെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ല. ഐ.ഡി.ആർ.എഫ് ഫണ്ടിന്റെ മുഖ്യപങ്കും പോകുന്നത് ഇവർക്കാണെന്ന് രേഖകൾ പറയുന്നു. ആർ.എസ്.എസ്, വി.എച്ച്.പി മറ്റു പരിവാർ ഗ്രൂപ്പുകൾ എന്നിവക്ക് ഫണ്ടിന്റെ 83 ശതമാനം ലഭിക്കുമ്പോൾ ഹിന്ദു-ജൈന മതസംഘടനകൾക്ക് 8 ശതമാനവും സെക്യുലർ പാർട്ടികൾക്ക് 2 ശതമാനവും കിട്ടുന്നു. ശേഷിക്കുന്ന 7 ശതമാനവും ആർക്കാണ് ലഭിക്കുന്നത് എന്നറിയില്ല. ഈ പണം ഉപയോഗിച്ച് സംഘ്പരിവാർ എന്താണ് ചെയ്യുന്നത്? ആദിവാസി-ഗ്രാമീണ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഹോസ്റ്റലുകൾ, ശുദ്ധീകരണ

> സംഘ്പരിവാറിന്റെ ഭീകരമുഖം അനാവരണം ചെയ്ത മാലേഗാവ് സ്ഫോടനത്തിന്റെ സൂത്രധാരന്മാരിലൊരാളായ സ്വാമി അശിമാനന്ദ അമേരിക്കൻ – യൂറോപ്യൻ ഫണ്ടിംഗ് ഏജൻസികളിൽനിന്ന് പണംപറ്റി ഇന്ത്യയിൽ ഹിന്ദുത്വ തീവ്രവാദം പ്രചരിപ്പിക്കുന്ന ആളാണ്. വർഷങ്ങളായി വർഗീയ – ഭീകര പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സ്വാമി അശിമാനന്ദക്കെതിരെ അനേകം തെളിവുകൾ 1998 – 99 കാലം മുതൽ തന്നെ പുറത്തുവന്നിട്ടുണ്ട്. പ്രമാദമായ മാലേഗാവ് സ്ഫോടനത്തിനു പിന്നിൽ ആശിമാനന്ദയുണ്ട് എന്ന കണ്ടെത്തൽ, സംഘ്പരിവാറിന്റെ വർഗീയ, ഭീകരപ്രവർത്തനങ്ങൾ വിദേശഫണ്ടിംഗിലൂടെയാണ് നടക്കുന്നത് എന്നതിന്റെ ഒന്നാംതരം തെളിവാണ്.

പ്രവർത്തനങ്ങൾ അഥവാ ഹിന്ദുമതം ഉപേക്ഷിച്ച് ഇതരമതങ്ങളിലേക്ക് പോയവരെ പുനർമതപരിവർത്തനം നടത്തൽ, ഹിന്ദുത്വ ആശയങ്ങളുടെ പ്രചരണം എന്നിവക്കാണ് വിദേശപണം പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്.

### ഗുജറാത്ത് കലാപം

ആദിവാസി-ഗോത്രവർഗങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ വളരെ ആസൂത്രിതമായിത്തന്നെയാണ് സംഘ്പരിവാർ നടത്തുന്നത്. വിദേശ ഫണ്ടിന്റെ സഹായത്തോടെ അവരെ ഹിന്ദുത്വവാദികളാക്കി മാറ്റാൻ പ്രത്യേക വിംഗുകൾക്കുതന്നെ ആർ.എസ്.എസ് രൂപംകൊടുത്തിട്ടുണ്ട്. അവയിലൊന്നാണ് നേരത്തെ സൂചിപ്പിച്ച വനവാസികല്യാൺ ആശ്രമം (VKA). ഈ മേഖലയിൽ ലക്ഷങ്ങളാണ് സംഘ്പരിവാർ വിനിയോഗിക്കുന്നത്. അതിന്റെ ഫലവും അവർക്ക് ലഭിക്കുന്നു. ഗുജറാത്തിലെ മുസ്‌ലിം വേട്ടയുൾപ്പെടെ ഇന്ത്യയിലെ പലഭാഗങ്ങളിലായി സംഘ് നേതൃത്വത്തിൽ അരങ്ങേറിയ ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിൽ മുഖ്യ പങ്ക് വഹിച്ചത് ആർ.എസ്.എസും വി.എച്ച്.പിയും പരിശീലിപ്പിച്ചെടുത്ത ആദിവാസി ഗോത്രവർഗക്കാരാണ്. 2002-ലെ ഗുജറാത്ത് മുസ്‌ലിം വിരുദ്ധ കലാപത്തെക്കുറിച്ച അന്വേഷണങ്ങൾ, സംഘ്പരിവാർ ഗോത്രവർഗക്കാരുടെ മനസിൽ വിഷംനിറച്ച് കൈയിൽ ആയുധം കൊടുത്ത് രംഗത്തിറക്കിയതിനെക്കുറിച്ച് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. വിവേകാനന്ദകേന്ദ്രയും(V.K) വനവാസി കല്യാൺ ആശ്രമവും (VKA) നടത്തിയ പ്രവർത്തനങ്ങളാണ് ആദിവാസികളെ വർഗീയവൽക്കരിച്ചത്. വനവാസി സേവാസംഘവും(VSS) ആദിവാസികളിൽ ന്യൂനപക്ഷവിരുദ്ധവികാരം കുത്തിവെക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. ഇവയെല്ലാം അമേരിക്കൻ-യൂറോപ്യൻ ഫണ്ടുകൾകൊണ്ടാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. (Poisoned Edge : The Sangh exploits Dalit and tribal frustration to recruit soldiers for Hidutva's war, Davinder Kumar, Outlook June 24, 2002).

ഗുജറാത്തിൽ മാത്രമല്ല വിദേശ പണം ഉപയോഗിച്ച് ന്യൂനപക്ഷ വേട്ട നടത്തിയിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ മൗനാനുവാദത്തോടെ മധ്യപ്രദേശിൽ നടത്തിയ ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങൾക്ക് മേൽനോട്ടം വഹിച്ചത് ഐ.ഡി.ആർ.എഫ് ഫണ്ട് ധാരാളമായി ലഭിക്കുന്ന സേവാഭാരതിയും ഏകൽ വിദ്യാലയവും വനവാസി കല്യാൺ അശ്രമവുമാണ്. സേവാഭാരതിയുടെ ആഭിമുഖ്യത്തിൽ മധ്യപ്രദേശിലെ ആദിവാസികൾക്കിടയിൽ പലപ്പോഴും 'ഹിന്ദു സംഗമ'ങ്ങൾ സംഘടിപ്പിക്കാറുണ്ട്. (www.hvk.org articles 0102/98.html). ജുദാ (Juda) ഗ്രാമത്തിലെ മുസ്‌ലിം കുടുംബങ്ങളെ ഭീകരരായി ചിത്രീകരിച്ചുകൊണ്ട് കൊട്ഡ (Kotda)യിലെ വനവാസി കല്യാൺ പരിഷത് (Vanavasi Kalyan Parishad) ഒരു മുസ്‌ലിം വിരുദ്ധ കാമ്പയിൻ നടത്തുകയുണ്ടായി. അനേകം മുസ്‌ലിം കുടുംബങ്ങൾക്ക് എല്ലാമുപേക്ഷിച്ച് അടുത്ത ഗ്രാമങ്ങളിലേക്ക് ഓടിപ്പോകേണ്ടി

**1990 – ൽ വി. എച്ച്. പി ബ്രിട്ടനിൽനിന്ന് പ്രത്യേകമായൊരു ഫണ്ട് ശേഖരിക്കുകയുണ്ടായി. 'അയോധ്യ ക്ഷേത്രനിധി' (Ayodhya Temple Fund) എന്ന് പേരിട്ട ഈ ഫണ്ട് 'രാമക്ഷേത്ര'ത്തിനുവേണ്ടി ഇന്ത്യയിലെങ്ങും പ്രചാരണം നടത്താനും ബാബരി തകർക്കാനും തുടർന്ന് ബോംബെയിൽ കലാപം അഴിച്ചുവിടാനുമാണ് ഉപയോഗിച്ചത്.**

വന്നു. വനവാസി കല്യാൺ പരിഷത് പ്രവർത്തിക്കുന്നതാകട്ടെ ഐ.ഡി.ആർ.എഫിന്റെ പണംകൊണ്ടും. (VHP offshoot behind reign of terror, Mohammed Iqbal - www.hinduonnet.com, thehindu/2001/11/13/stories/02/30005.htm) statewise Listing of seva Programs - www.idrf.org/seva proj I/IDRF DAG/RAJASTH/Rajind.htm)

1998-2000 വർഷകാലത്ത് ഒറീസ, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ സംഘ്പരിവാർ നടത്തിയ ക്രിസ്ത്യൻ വിരുദ്ധ ആക്രമങ്ങളെക്കുറിച്ച 'ഹ്യൂമൻറൈറ്റ്സ് വാച്ചി'ന്റെ റിപ്പോർട്ടുകളും ഇതേ കാര്യങ്ങൾ തന്നെയാണ് സൂചിപ്പിക്കുന്നത് (POLITICS BY OTHER MEANS: Attacks Against Christians in India HRW Report, September 1999, www.hrw.org/reports/1999/indiachr, www.hrw.org/press/1999/sep/christians.htm)



*അദ്വാനിയുടെ രഥയാത്ര (1990)*

### സ്വാമി അശീം ആനന്ദ്

സംഘ്പരിവാറിന്റെ ഭീകരമുഖം അനാവരണം ചെയ്ത മാലേഗാവ് സ്ഫോടനത്തിന്റെ സൂത്രധാരന്മാരിലൊരാളായ സ്വാമി അശീം ആനന്ദ് അമേരിക്കൻ -യൂറോപ്യൻ ഫണ്ടിംഗ് ഏജൻസികളിൽനിന്ന് പണംപറ്റി ഇന്ത്യയിൽ ഹിന്ദുത്വ തീവ്രവാദം പ്രചരിപ്പിക്കുന്ന ആളാണ്. വർഷങ്ങളായി വർഗീയ-ഭീകരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സ്വാമി അശീം ആനന്ദിനെതിരെ അനേകം തെളിവുകൾ 1998-99 കാലം മുതൽ തന്നെ പുറത്തുവന്നിട്ടുണ്ട്. പ്രമാദമായ മാലേഗാവ് സ്ഫോടനത്തിനു പിന്നിൽ ആശിമാനന്ദയുണ്ട് എന്ന കണ്ടെത്തൽ, സംഘ്പരിവാറിന്റെ വർഗീയ, ഭീകരപ്രവർത്തനങ്ങൾ വിദേശഫണ്ടിംഗിലൂടെയാണ് നടക്കുന്നത് എന്നതിന്റെ ഒന്നാംതരം തെളിവാണ്.

വി.എച്ച്.പിയുടെ പോഷകവേദിയായ ഗുജറാത്തിലെ വനവാസികല്യാൺ ആശ്രമത്തിന്റെ നേതാവാണ് സ്വാമി അശീം ആനന്ദ്. ബജ്റംഗ്ദളിന്റെ സൂറത്ത് യൂനിറ്റ് പ്രസിഡന്റ് അശിൻ മോഡി സ്വാമി അശീം ആനന്ദ് തങ്ങളുടെ ആളാണെന്ന് സമ്മ

തിക്കുന്നു. വനവാസി കല്യാൺ പരിഷത്തിന്റെ 'ദേശീയ പ്രസിഡന്റാ'യി അറിയപ്പെടുന്ന സ്വാമി, ഗുജറാത്ത് ഗ്രാമങ്ങളിൽ ബജ്റംഗ്ദൾ ഘടകങ്ങൾ രൂപീകരിക്കുന്നതിൽ ഉത്സുകനായിരുന്നു. ഗുജറാത്തിലെ ക്രിസ്ത്യൻ-മുസ്ലിം വിരുദ്ധ കലാപങ്ങൾക്ക് നേതൃത്വം കൊടുത്തത് സ്വാമി വളർത്തിക്കൊണ്ടുവന്നവരാണ്. (Christian tribals beaten up, ostracised in Gujrat village, Basant Rawat, Indian Express, December 4, 1999). 1998-99 കാലത്ത് ഗുജറാത്തിലെ ഡാംഗ്സ് (Dangs) ജില്ലയിൽ സജീവമായി പ്രവർത്തിച്ചിരുന്ന ആനന്ദ് സ്വാമി ക്രിസ്ത്യാനികൾക്കെതിരെ കലാപം ഇളക്കിവിടാൻ പലവിധത്തിലും ശ്രമിക്കുകയുണ്ടായി. ക്രിസ്മസ്-ദുഃഖവെള്ളി തുടങ്ങിയ ക്രിസ്ത്യൻ ആഘോഷദിവസങ്ങളിൽ ക്രിസ്ത്യാനികൾ കൂടുതൽ താമസിക്കുന്ന ഗോത്രവർഗഗ്രാമങ്ങളിൽ ആക്രമണോത്സുകരും സായുധരുമായ ഹിന്ദുതീവ്രവാദികളുടെ റാലികൾ സംഘടിപ്പിക്കാറുണ്ടായിരുന്നു അദ്ദേഹം. എങ്ങനെയെങ്കിലും കലാപം സൃഷ്ടിക്കാനായിരുന്നു അതുവഴി സ്വാമി ശ്രമിച്ചത്. (Trouble anticipated in Dangs village after Swami's return, Indian express April 3,1999)

1999 ജനുവരി 27-നു പന്ത്രണ്ടു ക്രിസ്ത്യൻ ഗ്രാമങ്ങൾ ഹിന്ദു മതത്തിലേക്കു പുനർപരിവർത്തനം ചെയ്യിച്ചതായി സംഘ്പരിവാർ പ്രഖ്യാപിച്ചു. സായുധരായ ഒരുകൂട്ടമാളുകൾ നിർബന്ധിച്ചാണിത് നടത്തിയത്. ഗോത്രവർഗക്കാരെ പുനർ മതപരിവർത്തനം നടത്താൻ വേണ്ടി പ്രവർത്തിക്കുന്ന സ്വാമി അസീം ആനന്ദും കൂട്ടരുമാണതിന് നേതൃത്വം കൊടുത്തത്. (U.S Department of State Annual Report on international Religious Freedom for 1999: India Released by the Bureau for Democracy, Human Rights and Labour, Washington DC, September 1999, www.pak.gov.pk)

ഗുജറാത്ത് ഗ്രാമങ്ങളിൽ വർഗീയ കലാപം ഇളക്കിവിടാൻ തീവ്രശ്രമം നടത്തിയ സ്വാമി ആശിം ആനന്ദക്ക് അമേരിക്കൻ ഫണ്ടിംഗ് ഏജൻസികളുമായുള്ള ബന്ധം മറയില്ലാത്തതാണ്. അമേരിക്കയിലെ സംഘ്പരിവാർ ഫണ്ടിംഗ് ഏജൻസിയായ ഐ.ഡി.ആർ.എഫിന്റെ വൈസ് പ്രസിഡന്റ് ചേതൻ ഗാന്ധി(Chetan Gandhi), താൻ 'സ്വാമി അസീം ആനന്ദജി'യെ സന്ദർശിച്ചതായും, അദ്ദേഹത്തിന്റെ ആശ്രമം നടത്തുന്ന പ്രവർത്തനങ്ങളിലും വളരെ ചുരുങ്ങിയ മാസങ്ങൾ കൊണ്ടുതന്നെ 'സമൂഹ'ത്തിൽ അദ്ദേഹത്തിന് ലഭിച്ച സ്വീകാര്യതയിലും അഭിമാനം കൊള്ളുന്നതായും പറഞ്ഞിട്ടുണ്ട് (www.idrf.org/news/vanavasi- The Foreign Exchange of Hate IDRF and the American Funding of Hindutwa - Report of SCPUT Ltd, Mumbai, The South Asia Citizens web, France November 20, 2002 Page. 23).

**ഗുജറാത്തിലെ മുസ്ലിം വേട്ടയുൾപ്പെടെ ഇന്ത്യയിലെ പലഭാഗങ്ങളിലായി സംഘ് നേതൃത്വത്തിൽ അരങ്ങേറിയ ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിൽ മുഖ്യ പങ്ക് വഹിച്ചത് ആർ.എസ്.എസും വി.എച്ച്.പിയും പരിശീലിപ്പിച്ചെടുത്ത ആദിവാസി ഗോത്രവർഗക്കാരാണ്. വിവേകാനന്ദകേന്ദ്രയും(V.K) വനവാസി കല്യാൺ ആശ്രമും (VKA) നടത്തിയ പ്രവർത്തനങ്ങളാണ് ആദിവാസികളെ വർഗീയവൽക്കരിച്ചത്. ഇവയെല്ലാം അമേരിക്കൻ – യൂറോപ്യൻ ഫണ്ടുകൾകൊണ്ടാണ് പ്രധാനമായും പ്രവർത്തിക്കുന്നത്.**

ഗുജറാത്തിലെ ആദിവാസി ഗ്രാമങ്ങളിൽ ബജ്റംഗ്ദൾ ശാഖകൾ ആരംഭിക്കാൻ ഉത്സാഹം കാണിച്ചതും വനവാസി കല്യാൺ പരിഷത്തിന്റെ നേതൃത്വം കൈയാളുന്നതും അതിന് ലഭിക്കുന്ന ഐ.ഡി.ആർ.എഫ് ഫണ്ടും ആനന്ദ് സ്വാമിയുടെ വിദേശ ബന്ധത്തിന് മതിയായ തെളിവാണ്. ഐ.ഡി.ആർ.എഫ് നേരിട്ട് വിദേശ പണം നൽകുന്ന സംഘടനകളിലൊന്നാണ് വനവാസി കല്യാൺ പരിഷത്. ഗുജറാത്തിലെ ഐ.ഡി.ആർ.എഫ് പദ്ധതികളുടെ ലിസ്റ്റിൽ പരിഷത്തും ഉൾപ്പെടുന്നു (www.idrf.org/sewa praj/gujrat.html).

സമാനസ്വഭാവമുള്ള വസ്തുതകൾ ധാരാളം വേറെയുമുണ്ട്. സംഘ്പരിവാർ വിദേശപണം ഉപയോഗിച്ച് വർഗീയ ഭീകര പ്രവർത്തനങ്ങൾ നടത്തുന്നതിന് ആധികാരികമായ തെളിവുകളുണ്ട്. എന്നിട്ടും ഇന്റലിജൻസോ ഭീകരവിരുദ്ധ വകുപ്പോ മാധ്യമങ്ങളോ സംഘ്പരിവാറിന് വരുന്ന വിദേശപണത്തെക്കുറിച്ചോ അതുപയോഗിച്ച് അവർ നടത്തുന്ന വർഗീയ-ദേശദ്രോഹ പ്രവർത്തനങ്ങളെക്കുറിച്ചോ കാര്യമായ അന്വേഷണങ്ങളൊന്നും നടത്തുന്നില്ല.

### ആവാസ് റിപ്പോർട്ട്

2004 ഫെബ്രുവരി 26-ന് ആവാസ് (AWAAZ) പുറത്തുവിട്ട പഠന റിപ്പോർട്ട്, ന്യൂനപക്ഷ വിരുദ്ധരായ ഹിന്ദുത്വ തീവ്രവാദികളെ സൃഷ്ടിക്കുന്ന ആർ.എസ്.എസ് സ്കൂളുകളും ആയുധപരിശീലന ക്യാമ്പുകളും പ്രവർത്തിക്കുന്നത് വിദേശ ഫണ്ടുകൊണ്ടാണെന്നും അവയിൽനിന്ന് പഠിച്ചിറങ്ങുന്നവരാണ് ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിൽ പലവിധത്തിൽ പങ്കാളികളാകുന്നതെന്നും സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളുടെ പിന്നിൽ നടക്കുന്ന പലഘട്ടങ്ങളിലായുള്ള ആസൂത്രണങ്ങൾ, മാധ്യമങ്ങളുടെ പങ്കാളിത്തം, ആയുധപരിശീലനം, കലാപകാരികളുടെ കൃത്യവും ഉന്നം പിഴക്കാത്തതുമായ ആക്രമണങ്ങൾ തുടങ്ങിയവയെല്ലാം പരിശോധിച്ചാൽ വലിയ മുതൽമുടക്കുള്ള മുന്നൊരുക്കങ്ങൾ അവക്ക് ആവശ്യമാണെന്ന് വ്യക്തമാകും. മാലേഗാവ് സ്ഫോടനക്കേസ് അന്വേഷണം സംഘ്പരിവാറിന് ലഭിക്കുന്ന സൈനിക സഹായത്തെക്കുറിച്ച് അനിഷേധ്യമായ തെളിവുകൾ പുറത്തുകൊണ്ടുവന്നുകൊണ്ടിരിക്കെ ഇതിന്റെ ആഴം നമുക്ക് ചിന്തിക്കാവുന്നതിനും അപ്പുറമായിരിക്കും. 'ആവാസ്' റിപ്പോർട്ടിലെ വ്യക്തമായ സൂചനകളും അതുതന്നെയാണ്. മറ്റൊരു പ്രധാനകാര്യം, ന്യൂനപക്ഷങ്ങൾക്കെതിരായ സംഘ്പരിവാറിന്റെ 'ഫണ്ടിംഗ് ആരോപണ'ത്തെ റിപ്പോർട്ട് ചോദ്യം ചെയ്യുന്നുവെന്നതാണ്. "ന്യൂനപക്ഷ സംഘടനകൾ വിദേശ ഫണ്ട് ഉപയോഗിച്ചാണ്

ഹിന്ദു സ്റ്റുഡന്റ്സ് കൗൺസിൽ

പ്രവർത്തിക്കുന്നത് എന്ന് സംഘ്പരിവാർ ആരോപിക്കുന്നു. എന്നാൽ സംഘ്പരിവാർ തന്നെയും വിദേശപണം ഉപയോഗിച്ചാണ് തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതൊരു വലിയ വൈരുധ്യമാണ്" - റിപ്പോർട്ട് പറയുന്നു.



എച്ച്.എസ്.എസ് വഴി ഇന്ത്യയിലെ ജനക്ഷേമപ്രവർത്തനങ്ങൾക്ക് പണം കൊടുക്കുന്ന ബ്രിട്ടീഷ് ജനതയിൽ വലിയൊരു വിഭാഗവും ന്യൂനപക്ഷ വിരുദ്ധ കലാപങ്ങൾ സൃഷ്ടക്കുന്ന സംഘ്പരിവാർ സംഘടനകൾക്കാണ് അത് ലഭിക്കുന്നത് എന്ന കാര്യം അറിയില്ലത്രെ. "സേവാ ഇന്റർനാഷനൽ ബ്രിട്ടനിലെ രാഷ്ട്രീയക്കാരെയും പണം കൊടുക്കുന്ന പൊതുജനങ്ങളെയും കബളിപ്പിക്കുകയാണ്. ഫണ്ടിന് വേണ്ടി മാത്രമാണ് ഇത് ചെയ്യുന്നത്. ഇന്ത്യയിൽ വർഗീയ കലാപങ്ങൾ സൃഷ്ടിക്കുന്ന സംഘ്പരിവാർ സംഘടനകളെ വിഭാഗീയതയില്ലാത്ത രാഷ്ട്രീയേതര മതേതര മാനവിക ധർമസ്ഥാപനങ്ങളായി പരിചയപ്പെടുത്തുന്നത് ലജ്ജാകരമാണ്"- ആവാസിന്റെ ഔദ്യോഗിക വക്താവ് സുരേഷ് ഗ്രോവറിന്റെ (Suresh Grover)വാക്കുകൾ.

"2000 ലേറെ പേർ കൊലചെയ്യപ്പെടുകയും 2,00,000ലേറെ ആളുകൾ ആട്ടിയോടിക്കപ്പെടുകയും ചെയ്ത 2002-ലെ ഗുജറാത്ത് മുസ്‌ലിം വിരുദ്ധ കലാപത്തെക്കുറിച്ച് 'ആവാസ്' റിപ്പോർട്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് പൗരന്മാരും ഗുജറാത്ത് കലാപത്തിന്റെ ഇരകളായിട്ടുണ്ട്. ന്യൂനപക്ഷ ഉന്മൂലനം വഴി ആർ.എസ്.എസ് ലക്ഷ്യമിടുന്ന ഹിന്ദുരാഷ്ട്രത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളിൽ പെട്ടതാണ് ഗുജറാത്ത് കലാപം. ബ്രിട്ടനിൽനിന്ന് എച്ച്.എസ്.എസ് പിരിച്ചെടുത്ത പണവും കൂടി ഉപയോഗിച്ചാണ് ഇത് നടത്തിയത്. 'ഗുജറാത്ത് ഭൂകമ്പനിധി'യാണ് ഇതിനുവേണ്ടി സംഘ്പരിവാർ ഉപയോഗിച്ചത്! ഭൂകമ്പാനന്തരം സ്ഥാപിച്ച സംഘ് ഗ്രാമങ്ങളിൽ പരിശീലിപ്പിക്കപ്പെട്ടവരാണ് ഗുജറാത്ത് തെരുവുകളിൽ ന്യൂനപക്ഷവേട്ടക്കിറങ്ങിയത്." കൃത്യമായ തെളിവുകളോടെയാണ് 'ആവാസ്' വിഷയം അവതരിപ്പിച്ചിരിക്കുന്നത്. (www.awaazsaw.org)

1990-ൽ വി.എച്ച്.പി ബ്രിട്ടനിൽനിന്ന് പ്രത്യേകമായൊരു ഫണ്ട് ശേഖരിക്കുകയുണ്ടായി. 'അയോധ്യ ക്ഷേത്രനിധി' (Ayodhya Temple Fund) എന്ന് പേരിട്ട ഈ ഫണ്ട് 'രാമക്ഷേത്ര'ത്തിനുവേണ്ടി ഇന്ത്യയിലെങ്ങും പ്രചാരണം നടത്താനും ബാബരി തകർക്കാനും തുടർന്ന് ബോംബെയിൽ കലാപം അഴിച്ചുവിടാനുമാണ് ഉപയോഗിച്ചത് (sikhlionz.com).

വടക്കേ അമേരിക്കയിലും ബ്രിട്ടനിലും വളരെ വലിയ സ്വാധീനമുള്ള ഹിന്ദു സ്വയം സേവക് സംഘിന്(HSS) യൂറോപ്പിലും കരീബിയൻ-തെക്കുകിഴക്കൻ ആഫ്രിക്കയിലും വേരുകളുണ്ട്. അമേരിക്കയിൽ 100 ശാഖകളും ബ്രിട്ടനിൽ 75 ഓളം ശാഖകളുമാണ് എച്ച്.എസ്.എസിനുള്ളത് (www.hssus.org, www.hss-uk.org). അവർക്ക് ഈ വിപുലമായ സ്വാധീനം ഉപയോഗിച്ചുകൊണ്ട് എത്ര കോടികൾ വേണമെങ്കിലും ഇന്ത്യയിലെത്തിക്കാം, അതവർ ചെയ്യുന്നുമുണ്ട്.

**സംസ്ഥാന ഗവൺമെന്റിന്റെ മൗനാനുവാദത്തോടെ മധ്യപ്രദേശിൽ നടത്തിയ ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങൾക്ക് മേൽനോട്ടം വഹിച്ചത് ഐ.ഡി.ആർ.എഫ് ഫണ്ട് ധാരാളമായി ലഭിക്കുന്ന സേവാഭാരതിയും ഏകൽ വിദ്യാലയവും വനവാസി കല്യാൺ അശ്രമവുമാണ്. ജുദാ (Juda) ഗ്രാമത്തിലെ മുസ്‌ലിം കുടുംബങ്ങളെ ഭീകരരായി ചിത്രീകരിച്ചുകൊണ്ട് കൊട്ഡ (Kotda)യിലെ വനവാസി കല്യാൺ പരിഷത് (Vanavasi Kalyan Parishad) ഒരു മുസ്‌ലിം വിരുദ്ധ കാമ്പയിൻ നടത്തുകയുണ്ടായി. അനേകം മുസ്‌ലിം കുടുംബങ്ങൾക്ക് എല്ലാമുപേക്ഷിച്ച് അടുത്ത ഗ്രാമങ്ങളിലേക്ക് ഓടിപ്പോകേണ്ടി വന്നു. വനവാസി കല്യാൺ പരിഷത് പ്രവർത്തിക്കുന്നതാകട്ടെ ഐ.ഡി.ആർ.എഫിന്റെ പണംകൊണ്ടും.**

'കൊലപാതകിക്കുള്ള ദാനം' (Alms For The Killer) എന്ന തലക്കെട്ടിൽ ഹർഷ് കാബ്ര (HARSH KABRA) *ഔട്ട് ലുക്കിൽ* എഴുതിയ ലേഖനത്തിൽ ഇതിന്റെ വിശദാംശങ്ങൾ കാണാം. (Outlook India Magazine, March 8, 2004) യു.എസിലും യൂറോപ്പിലും സംഘ്പരിവാർ എപ്രകാരം വേരുപിടിക്കുന്നുവെന്നും അവർക്ക് അവിടെ എത്രത്തോളം സ്വാധീനം ഉണ്ടെന്നും വിശദീകരിക്കുന്ന ലേഖനം സഹീർ സജ്ജാദ് ജാൻ മുഹമ്മദ് എഴുതിയിട്ടുണ്ട്. (sikhlionz.com/nhsfshssrss.htm)

### പണം വാങ്ങുന്ന സ്ഥാപനങ്ങൾ

ഇന്ത്യയിലുടനീളമുള്ള സംഘ്പരിവാർ സ്ഥാപനങ്ങൾക്കും പോഷക സംഘങ്ങൾക്കും വിദേശപണം ധാരാളമായി ലഭിക്കുന്നുണ്ട്. സംഘ്പരിവാറിന്റെ അമേരിക്കൻ ഫണ്ടിംഗ് ഏജൻസിയുടെ മാത്രം ധനസഹായം കേരളത്തിലേതുൾപ്പെടെ എൺപത്തിയഞ്ചോളം സ്ഥാപനങ്ങൾക്കും സംഘ് ഘടകങ്ങൾക്കുമാണ് ലഭിക്കുന്നത്. സ്വാമിവിവേകാനന്ദ മെഡിക്കൽ മിഷൻ (മുട്ടിൽ, വയനാട്), യോഗക്ഷേമട്രസ്റ്റ്(കൊച്ചിൻ) എന്നിവയാണ് കേരളത്തിൽ ഐ.ഡി.ആർ.എഫ് ഫണ്ട് കിട്ടുന്ന സ്ഥാപനങ്ങൾ. സേവാഭാരതിയും സരസ്വതി വിദ്യാമന്ദിറും മറ്റും വേറെയുമുണ്ട്. അവയിൽ സംഘ്ബന്ധമുള്ള പ്രധാനപ്പെട്ടവ മാത്രം

സംസ്ഥാനാടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്നു (നേരത്തെ സൂചിപ്പിച്ച മുംബൈയിലെ SC Pvt. Ltd.ന്റെയും, ഫ്രാൻസിലെ SACWന്റെയും പഠന റിപ്പോർട്ടാണിതിന് അവലംബം).

**ഗുജറാത്ത്**

1. സേവാ ഭാരതി രാജ്കോട്ട്
2. ശ്രീ ബനസ്കന്ദ അഞ്ചന പട്ടേൽ കലാവാണി മണ്ഡൽ (പാലൻപൂർ)
3. മഹിളാ സ്വാലംബൻ കേന്ദ്ര (അഹ്മദാബാദ്)

**ദൽഹി**

4. ബി.ആർ.ഡി സരസ്വതി വിദ്യാമന്ദിർ (Noida, UP)
5. ഭാരത് കല്യാൺ പ്രതിഷ്ഠാൻ (ന്യൂദൽഹി)
6. ഭാരത് വികാസ് പരിഷത് (പാൽഡി)
7. ബി.ഡി രാഷ്ട്രീയ സേവാന്യാസ് (ന്യൂദൽഹി)
8. പൂർവസൈനിക് സേവാപരിഷത്
9. സംസ്കൃത് ഭാരതി (ന്യൂദൽഹി)
10. സനാതന ധർമസദാചാരിറ്റീസ്
11. സേവാഭാരതി
12. സേവാ ഇന്റർനാഷ്നൽ

**ഒറീസ**

13. സുകൃതി (ഭുവനേശ്വർ)
14. വനവാസി സേവാ പ്രകൽപ (കലാഹട്ടി)
15. ഉത്കൽ ബിപന്ന സഹായതാ സമിതി

**മഹാരാഷ്ട്ര**

16. അഖില ഭാരതീയ വിദ്യാർഥി പരിഷത്ത് (മുംബൈ)
17. ദേവി അഹല്യാഭായ് സ്മാരക് സമിതി (നാഗ്പൂർ)
18. ഗോപാൽ നവജീവൻ കേന്ദ്ര
19. ഇന്റർ നാഷ്നൽ സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് (നാഗ്പൂർ)
20. ജനപ്രബോധിനി (സോളാപൂർ)
21. കേശവ് സൃഷ്ടി (മുംബൈ)
22. മിറാജ് മെഡിക്കൽ സെന്റർ
23. സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ (നാഗ്പൂർ)
24. വനവാസി കല്യാൺ കേന്ദ്ര (മുംബൈ)

**മധ്യപ്രദേശ്**

25. അഖില ഭാരതീയ വനവാസി കല്യാൺ ആശ്രം (ജയ്പൂർ നഗർ)
26. ഭാരതീയ കുഷ്ഠ നിവാരൺ സംഘ് (ചമ്പാ)
27. ശബരി സേവാ സൻസ്ഥാൻ
28. ദീൻ ദയാൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ചിത്രകൂട്)
29. സരസ്വതി വിദ്യാമന്ദിർ (ഭോപാൽ)
30. വികലാംഗ് സേവാഭാരതി (ചമ്പൽ)

**കർണാടക**

31. പ്രബോധിനി ട്രസ്റ്റ് (ബാംഗ്ലൂർ)
32. രാഷ്ട്രോത്ഥാന പരിഷത് (ബാംഗ്ലൂർ)
33. ഹിന്ദു സേവാ പരിഷത്ത് (ബാംഗ്ലൂർ)
34. കേശവ് സമൃതി സംവർധൻ സമിതി (മംഗലാപുരം)
35. കൃഷി പ്രയോഗ് പരിവാർ (ബാംഗ്ലൂർ)
36. മംഗളാ സേവാ സമിതി ട്രസ്റ്റ് (മംഗലാപുരം)
37. സംസ്കൃതി ഭാരതി (ബാംഗ്ലൂർ)
38. സേവാ-ഇൻ- ആക്ഷൻ (ബാംഗ്ലൂർ)

**ആന്ധ്രപ്രദേശ്**

39. അന്നപൂർണിമാവിദ്യാർഥി വസതി ഗൃഹം
40. ഗ്രാമഭാരതി (ഹൈദരാബാദ്)
41. ജനസംഘ് സേവാ സമിതി (വിജയവാഡ)
42. കേശവ് സേവാ സമിതി (ഹൈദരാബാദ്)
43. സേവാ ഭാരതി (ഹൈദരാബാദ്)
44. ശ്രീ സരസ്വതി വിദ്യാപീഠം (ഹൈദരാബാദ്)
45. വൈദേഹി സേവാ സമിതി (ഹൈദരാബാദ്)

ഉത്തർപ്രദേശ്-ഉത്തരാഞ്ചൽ(12), തമിഴ്നാട്(7), പശ്ചിമ ബംഗാൾ(2), രാജസ്ഥാൻ(4), പഞ്ചാബ്(1), ആസാം(2), ബീഹാർ(1), ഹിമാചൽപ്രദേശ്(1), ജമ്മുകശ്മീർ(2), ജാർഖണ്ഡ്(1) എന്നിങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ ഐ.ഡി.ആർ.എഫ് ഫണ്ട് സ്വീകരിക്കുന്ന മുപ്പത്തിമൂന്ന് സംഘ്പരിവാർ പോഷക സ്ഥാപനങ്ങളുണ്ട്. ന്യൂയോർക്ക്, ഫ്ളോറിഡ, ബോസ്റ്റൺ, കാനഡ തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ സംഘ്പരിവാർ-പോഷക സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും ഐ.ഡി.ആർ. എഫ് ഫണ്ടിൽനിന്ന് നിശ്ചിത വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്നു.

ഏതാനും സംഘ്അനുകൂല സ്ഥാപനങ്ങൾക്ക് ഐ.ഡി. ആർ.എഫിൽനിന്ന് മാത്രം ലഭിക്കുന്ന ഫണ്ടിനെക്കുറിച്ചാണ് പറഞ്ഞത്. മറ്റനേകം അന്താരാഷ്ട്ര ഏജൻസികളിൽനിന്ന് ഈ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും പണം ലഭിക്കുന്നുണ്ടാകണം. വി.എച്ച്.പിക്കും ആർ.എസ്.എസിനും ലഭിക്കുന്ന പണം ഇതിനും പുറമെയാണ്. അറിയുന്നതും അറിയാത്തതും അതിലുണ്ടാകും. ഇങ്ങനെ പലവഴികളിലൂടെ വ്യത്യസ്ത ലേബലുകളിൽ സംഘ്പരിവാറിന് ഒരുവർഷം കിട്ടുന്ന വിദേശ പണം എത്രകോടിയുണ്ടാകും? ■

(അവസാനിച്ചു)

sadarvzkd@yahoo.co.in